(സി) സംസ്ഥാനത്തെ സ്കൂൾതലങ്ങളിൽ നിന്നുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതല്ലാതെ മറ്റ് പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. പട്ടിക വർഗ്ഗ വിഭാഗത്തിലാണ് കൊഴിഞ്ഞുപോക്ക് സാധാരണയായി കണ്ടുവരുന്നത്. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനം നിറുത്തിയവരെ വീണ്ടും സ്കൂളിൽ ചേർത്ത് പഠിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി സർക്കാർ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 ബോധവൽക്കരണ പദ്ധതിയും ക്യാമ്പുകളും.

2 രക്ഷാകർത്താക്കൾക്കുള്ള പ്രോത്സാഹന സഹായം.

3 ഒരു വിദ്യാർത്ഥിക്ക് രണ്ട് ജോഡി ഡ്രസ്സ്, കുട, സ്കൂൾ ബാഗ്, ചെരിപ്പ് എന്നിവയ്ക്കുള്ള ധനസഹായം.

4 ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികളെ ചേർക്കാൻ സഹായിക്കുന്ന ട്രൈബൽ വോളണ്ടിയർക്ക് അവാർഡ്.

5 ഇടയ്ക്കുവച്ച് പഠനം നിറുത്തിയ വിദ്യാർത്ഥികൾ തിരികെ ചേർന്ന് പഠനം തുടരുന്നതിന് പ്രോത്സാഹന ധനസഹായം.

6 13 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങിയിട്ടുണ്ട്. സോഷ്യൽ ആക്ടീവിസ്റ്റുകളും ഡി. പി. ഇ. പി. യും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

(ഡി) പോസ്റ്റ്മെട്രിക് തലങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ കുടിവെള്ള പദ്ധതി

18 (*348) ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടി 40 ലക്ഷം ആളുകൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തിന് കാലതാമസം ഉണ്ടാക്കാൻ കാരണമെന്താണ് ;

(സി) പദ്ധതിയുടെ കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏത് കമ്പനിയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ജപ്പാന്റെ ധനകാര്യ ഏജൻസിയായ ഒ. ഇ. സി. എഫ്. മായുണ്ടാക്കിയ കരാറനുസരിച്ച് പദ്ധതി നടത്തിപ്പിന് ആഗോള നിലവാരത്തിലുള്ള കൺസൾട്ടന്റ് സിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതാണ് കാലതാമസം ഉണ്ടായതിനുള്ള കാരണം.

(സി) ഇല്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉദിക്കുന്നില്ല.

കെ. എസ്. ഇ. ബി. ഈടാക്കുന്ന കറന്റ് ചാർജ്ജ്

19 (*349) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. ഈടാക്കുന്ന കറന്റ് ചാർജ്ജ് മറ്റ് സംസ്ഥാനങ്ങൾ ഈടാക്കുന്ന ചാർജ്ജിൽനിന്നും കുറവാണോ ; ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിലേതിനേക്കാൾ വൈദ്യുതി ഉൽപ്പാദനച്ചെലവ് ഇവിടെ കൂടുതലാണോ ;

(സി) ബോർഡിന്റെ പ്രവർത്തനം നഷ്ടമാകാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അതെ. അയൽ സംസ്ഥാനങ്ങളിലും കേരളത്തിലും ഇപ്പോൾ നിലവിലിരിക്കുന്ന താരിഫ് താഴെപ്പറയും പ്രകാരമാണ്.

യൂണിറ്റൊന്നിന് പൈസ

സംസ്ഥാനം	ലോടെൻഷൻ (എൽ റ്റി)			ഹൈടെൻഷൻ (എച്ച്.റ്റി) ഇ.എച്ച്.റ്റി		
	ഗാർഹികം	വ്യവസായം	കൃഷി	വാണിജ്യം		
ആന്ധ്ര	150	331	45	495	431	431
കർണ്ണാടക	145	340	80	535	502	502
തമിഴ്നാട്	160	410	-	440	413	413
കേരളം	104	255	55	590	288	240

LIBRARY ARCHIVES Kerala Legislative Assembly